# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2503 01.04.2013-ൽ മറുപടിക്ക്**

## മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നുള്ള ഹൗസ് കണക്ഷൻ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മീനാട് ശുദ്ധജല പദ്ധതിയിൽനിന്ന് (ജപ്പാൻ കുടിവെള്ളം) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ എത്ര ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) മീനാട് ശുദ്ധജല പദ്ധതിയിൽനിന്ന് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ പഞ്ചായത്തിൽ 364 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കണക്ഷനുകൾ നൽകുന്നത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും കണക്ഷൻ നൽകുന്നതിനുള്ള മേൽനോട്ടം വഹിക്കുവാൻ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ ; | (ബി) പ്രഷർ ടെസ്റ്റിംഗ് പൂർത്തിയായ വിതരണ പൈപ്പ് ലൈനുകളിൽ നിന്നുമാണ് വാട്ടർ കണക്ഷൻ നൽകി വരുന്നത്. അതാത് പഞ്ചായത്തുകൾ ഉൾപ്പെടുന്ന വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളെയാണ് കണക്ഷൻ നൽകുവാനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) ഒരു കുടുംബത്തിലേക്ക് കണക്ഷൻ ലഭിക്കുവാൻ ഒടുക്കേണ്ട തുക എത്രയാണെന്നും പ്രസ്തുത തുക എന്ത് ആവശ്യത്തിലേക്കാണ് ഈടാക്കുന്നതെന്നും അറിയിക്കുമോ ; | (സി) ഒരു കുടുംബത്തിലേയ്ക്ക് വാട്ടർ കണക്ഷൻ ലഭിയ്ക്കുവാൻ ചെലവാകുന്ന തുക ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | അപേക്ഷാഫാറം | - 15 രൂപ |
| 2 | കണക്ഷൻ ഫീസ് | - 500 രൂപ |
| 3 | വാട്ടർ മീറ്ററിന്റെ വില | - 800 രൂ. മുതൽ 1200 രൂ. |

| | |
|---|---|
| | വരെ |
| 4 | മീറ്റർ ടെസ്റ്റിംഗ് ഫീസ് - 10 രൂ |
| 5 | വാട്ടർ അതോറിറ്റിയുടെ മെയിൻ പൈപ്പ് ലൈനിൽ നിന്നും അപേക്ഷകന്റെ മീറ്റർ ചേമ്പർ വരെ പൈപ്പ് ലൈൻ (5 മീറ്റർ വരെ) സ്ഥാപിക്കാൻ വേണ്ട തുക 2000 രൂ |
| | (5 മീറ്ററിൽ കൂടുതൽ വരുന്ന ഓരോ മീറ്ററിനും 70 രൂപ നിരക്കിൽ അധികം നൽകണം) |
| 6 | മുദ്രപത്രത്തിന്റെ വില 100 രൂ. |
| 7 | കേരള വാട്ടർ അതോറിറ്റി ലൈസൻസുള്ള പ്ലംബറുടെ ഫീസ്, വാട്ടർ മീറ്റർ, ടാപ്പ് എന്നിവ ഘടിപ്പിക്കുന്നതിന് 1500 രൂ |

(ഡി) ഹൗസ് കണക്ഷൻ നൽകുന്ന ജോലികൾ നിർവ്വഹിക്കുവാൻ ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത കരാറുകാരോ ഇടനിലക്കാരോ ഉണഭോക്താക്കളിൽ നിന്ന് അമിത തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

(ഡി) മെയിന്റനൻസ് സബ് ഡിവിഷനിലെ ഓവർസിയർമാരുടെ മേൽ നോട്ടത്തിൽ കേരള വാട്ടർ അതോറിറ്റി യിലെ ലൈസൻസ്ഡ് പ്ലംബർമാരാണ് വാട്ടർ കണക്ഷനുകൾ നൽകുന്നത്; ഉണഭോക്താക്കളിൽ നിന്ന് അമിത തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ